**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 248** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഐ.റ്റി.ഐ. കളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആഗോള തലത്തിലും ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വ്യവസായ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് നൈപുണ്യ ശേഷി കൈവരിക്കുന്നതിനുതകുന്ന തരത്തിൽ സംസ്ഥാനത്തെ ഐ.റ്റി.ഐ. കൾ നവീകരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | **(എ)** ആഗോള തലത്തിലും ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വ്യവസായ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് നൈപുണ്യ ശേഷി കൈവരിക്കുന്നതിനുതകുന്ന തരത്തിൽ സംസ്ഥാനത്തെ ഐ.ടി.ഐ.കൾ നവീകരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ചും കിഫ്ബി ഫണ്ടുപയോഗിച്ചും ഐ.റ്റി.ഐ. കൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | കിഫ്ബി ധനസഹായത്തോടെ ഐ.ടി.ഐ.കളെ അന്താരാഷ്ട്രനിലവാരത്തി ലേക്ക് ഉയർത്തുന്ന പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിട്ടുള്ളത് സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നെ ആണ്. പദ്ധതിയുടെ നിലവിലെ പുരോഗതി അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (സി) | ഐ.റ്റി.ഐ. കളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കാൻ രൂപീകരിച്ച പ്ലേസ്മെന്റ് സെല്ലുകളുടെ പ്രവർത്തനം ഫലപ്രദമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | **(സി)** ഉണ്ട്. വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ കളിൽ പരിശീലനം നേടുന്ന ട്രെയിനികൾക്ക് പരിശീലനത്തിന് ശേഷം അനുയോജ്യമായ തൊഴിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളിൽ പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിലേക്കായി ഡയറക്ടറേറ്റ് തലത്തിൽ പ്ലേസ്മെന്റ് സെൽ ആരംഭിച്ച് സ്റ്റേറ്റ്, നാഷണൽ, ഇന്റർ നാഷണൽ തലത്തിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. എല്ലാ ഐ.ടി.ഐ.കളുടെയും വെബ്സൈറ്റിൽ അതാത് മാസം കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | പ്ലേസ്മെന്റ് അപ്‌ഡേറ്റ് ചെയ്യുവാനും, സ്പെക്ട്രം പോർട്ടൽ വഴി തുടർന്നും പ്ലേസ്മെന്റ് നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

ഐ.ടി.ഐ കളുടെ നവീകരണത്തിനായി സ്വീകരിച്ച വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

On the Job Training:- STRIVE പദ്ധതിയുടെ ഭാഗമായി റിസൾട്ട് ഏരിയ 1-ൽ ഉൾപ്പെടുത്തി വകുപ്പിലെ 17 ഐ.ടി.ഐകളിലും 2 സ്വകാര്യ ഐ.ടി.ഐകളിലും നടപ്പിലാക്കിയ OJT (On Job Training) പദ്ധതി പ്രധാന ഫലസൂചകയാണ്. ടി മേഖലയിൽ ഐ.ടി.ഐകളിലെ എൻറോൾമെന്റ് വർദ്ധിപ്പിക്കുക, പഠനത്തോടൊപ്പം തൊഴിൽ പരിശീലനം ലഭ്യമാക്കുക, വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. OJT യുടെ ഭാഗമായി 2021-22 വർഷം 3819 പേർക്ക് വിവിധ വ്യവസായ സ്ഥാപനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

ജോബ് ഫെയർ :- സർക്കാർ ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന ജോബ്ഫെയർ വഴി ധാരാളം കമ്പനികളിൽ തൊഴിൽ കണ്ടെത്തുവാൻ ഐ.ടി.ഐകളിൽ വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് അവസരം ലഭിക്കുന്നു. വ്യാവസായിക പരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും നോഡൽ ഐ.ടി.ഐകളിൽ വച്ച് 08.03.2022 മുതൽ 11.03.2022 വരെയുള്ള തീയതികളിൽ ജോബ് ഫെയർ സംഘടിപ്പിച്ചിരുന്നു. അതിൽ 13497 ട്രെയിനികളും 600 കമ്പനികളും പങ്കെടുക്കുകയുണ്ടായി. 8918 ട്രെയിനികൾ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടപ്പോൾ 2097 പേർക്ക് നിലവിൽ പ്ലേയ്സ്മെന്റ് ലഭിച്ചിട്ടുണ്ട്.

നൈപുണ്യ കർമ്മസേന:-

2018 പ്രളയത്തിൽ Electrical , Plumbing, Carpenter മുതലായ വർക്കുകൾ ട്രെയിനികളുടെയും അധ്യാപകരുടെയും സഹായത്തോടുകൂടി മെയിന്റനൻസ് ചെയ്തു നൽകിയ സാഹചര്യത്തിൽ സർക്കാർ നൈപുണ്യ കർമ്മ സേനയെ ഒരു സ്ഥിരം സംവിധാനം ആക്കി മാറ്റുവാൻ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് വഴി 25 ലക്ഷം രൂപ അനുവദിക്കുകയും, നിലവിൽ 78 ഐ ടി ഐ കളിൽ നൈപുണ്യ കർമ്മ സേനയെ ഒരു സ്ഥിരം സംവിധാനം ആക്കി മാറ്റുകയും ചെയ്തു. തൊഴിൽ പരിശീലനത്തിനായി ഐ.ടി.ഐകളിൽ എത്തുന്ന ട്രെയിനികളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം സാമൂഹിക പ്രതിബദ്ധതയുള്ള പൗരൻമാരായി വളർത്തിയെടുക്കുന്നതിനും നൈപുണ്യകർമ്മസേനയ്ക്ക് സാധിച്ചിട്ടുണ്ട്.

ഗ്രീൻ കാമ്പസ്

ഐ.ടി.ഐ കളിൽ മഴവെള്ള സംഭരണി, ബയോഗ്യാസ്, ബയോ വെസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്സ്, സോളാർ പാനൽ തുടങ്ങിയവ ഹരിത കേരള മിഷന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് ഗ്രീൻ ക്യാമ്പസ് പദ്ധതി. ഇതിന്റെ ഭാഗമായി 16 ഐ.ടി.ഐ കളെ ഹരിത കാമ്പസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. എല്ലാ ഐ.ടി.ഐകളിലും മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വേസ്റ്റ് ബിൻ, നാപ്കിൻ വെന്റിംഗ് ആന്റ് ഡിസ്ട്രോയൽ, ഗ്രീൻ ടോയ്ലറ്റ് എന്നിവ ശുചിത്വ മിഷന്റെ സഹായത്തോടെ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രൊഡക്ഷൻ സെന്ററുകൾ

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ കൾ ഉത്പാദന വിതരണ സേവന കേന്ദ്രങ്ങൾ ആയി മാറ്റുന്നതിന്റെ ഭാഗമായും ഐ.ടി.ഐ ട്രെയിനികളുടെ നൈപുണ്യ ശേഷി, തൊഴിൽ സാധ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനുമാണ് പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിച്ചത്. കോഴിക്കോട് വനിതാ ഐ.ടി.ഐ യിൽ സത്രീകൾക്കും കുട്ടികൾക്കുമായി ബ്യൂട്ടി സോല്യൂഷൻസ്, അരീക്കോട് ഐ.ടി.ഐ യിൽ ഫർണിച്ചർ നിർമാണം ,കൊല്ലം ബി ടി സി യിൽ ബേക്കറി ഉത്പന്നങ്ങൾ , സനിട്ടൈസർ, ഹാൻഡ് വാഷ് നിർമാണ യൂണിറ്റ് എന്നി പ്രൊഡക്ഷൻ സെന്ററുകളുടെ ഉദ്ഘാടനം കഴിഞ്ഞു. മറ്റ് ഐ.ടി.ഐ കളിലും പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

ഇന്റർ നാഷണൽ ഐ.ടി.ഐ

ചാക്ക,കോഴിക്കോട് എന്നീ ഐ.ടി.ഐ കളെ സർക്കാർ ഫണ്ട് ഉപയോഗിച്ചും മറ്റ് 10 ഐ.ടി.ഐ കളെ കിഫ്ബി ഫണ്ട് ഉപയോഗിച്ചും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

ന്യൂട്രീഷൻ പ്രോഗ്രാം:-

സംസ്ഥാനത്തെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിലെ ഐ.ടി.ഐ കളിലും, ഭാഷാ ന്യൂനപക്ഷ ഐടിഐയായ പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഐ ടി ഐ യും ഉൾപ്പെടെ 31 ഐ.ടി.ഐ കളിൽ ന്യൂട്രീഷൻ പദ്ധതിക്ക് പകരം നൂൺ മീൽസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം ആര്യനാട് , നിലമ്പൂർ , അട്ടപ്പാടി എന്നി ഐ.ടി.ഐ കളിലെ ഹോസ്റ്റലിൽ താമസിക്കുന്ന ട്രെയിനികൾക്ക് രാവിലെയും രാത്രിയും ഭഷണം നൽകി വരുന്നു. ബാക്കിയുള്ള 68 ഐ.ടി.ഐ കളിൽ നുട്രിഷൻ പദ്ധതി നടപ്പിൽ ആക്കി വരുന്നു._

ഗ്രൂപ്പ് ഇൻഷ്വറൻസ്:-

സംസ്ഥാനത്തെ എല്ലാ ഐടിഐകളിലെ എല്ലാ ട്രെയിനികളേയും ക്യാമ്പസിനുള്ളിലായിരിക്കെ ഇൻഷ്വറൻസിന്റെ പരിരക്ഷ ലഭിക്കത്തക്ക വിധം ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.ട്രെയിനിംഗ് കാലയളവിൽ മുഴുവനായും (ക്യാംപസിനുള്ളിലും പുറത്തും) ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ പരിരക്ഷ ലഭിക്കത്തക്ക വിധം ആയത് പരിഷ്കരിച്ചിട്ടുണ്ട്.

ISO Certification:-

സംസ്ഥാനത്തെ 34 ഐ ടി ഐ കൾക്ക് ഇതിനകം ISO സർട്ടിഫിക്കേറ്റ് ലഭിച്ചു. നിലവിൽ 7 ഐ.ടി.ഐ കൾക്ക് ISO സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ഇന്ത്യ സ്കിൽസ്:-2018 ഏപ്രിൽ മാസം കൊച്ചിയിൽ വച്ച് ഇന്ത്യാ സ്കിൽസ് കേരള മത്സരം സംഘടിപ്പിക്കുകയുണ്ടായി. 20 ട്രേഡുകളിലായി സംഘടിപ്പിച്ച മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്ക് യഥാക്രമം ഒരു ലക്ഷം രൂപയും, അൻപതിനായിരം രൂപയും പങ്കെടുത്തവർക്ക് 10000/- രൂപ വീതവും നൽകുകയുണ്ടായി. ഇവിടെ നിന്നും വിജയിച്ചവർ ഇന്ത്യാ സ്കിൽസ് റീജിയണൽ മത്സരങ്ങളിലും ന്യൂഡൽഹിയിൽ വച്ച് നടന്ന ഇന്ത്യ സ്കിൽസ് നാഷണൽ മത്സരത്തിലും പങ്കെടുക്കുകയുണ്ടായി. നാഷണൽ മത്സരത്തിൽ പങ്കെടുത്ത 9 പേർ വിജയികളാവുകയും, മെഡലുകൾ ലഭിയ്ക്കുകയും ചെയ്തു. തുടർന്ന് 2019 ആഗസ്റ്റ് 22 മുതൽ 26 വരെ റഷ്യയിലെ കസാനിൽ വെച്ച് നടന്ന വേൾഡ് സ്കിൽ കോമ്പറ്റീഷനിൽ ഇന്ത്യയിൽ നിന്നും പങ്കെടുത്ത ടീം അംഗങ്ങളോടൊപ്പം ഇന്ത്യാസ്കിൽ കേരള 2018 ലെ സംസ്ഥാന മത്സരത്തിലും തുടർന്ന് നടന്ന ദേശീയ മത്സരത്തിലും വിജയിച്ച 3 മലയാളി മത്സരാർത്ഥികൾ പങ്കെടുത്തു.

ഇതിൽ അരീക്കോട് ഐടിഐയിലെ TPES ട്രേഡിലെ ശ്രീ. മുഹമ്മദ് റാബിത്ത്, വാൾ &ഫ്ലോർ ടൈലിംഗിലും, ഗ്രാഫിക് ഡിസൈനിഗ് ബിരുദധാരിയായ ശ്രീ. നിതിൻപ്രേം, 3 ഡി ഗൈയിം ആർട്ടിലും ഇന്ത്യയ്ക്കുവേണ്ടി 'മെഡാലിയിൻ ഫോർ എക്സലൻസ്' എന്ന ബഹുമതി കരസ്ഥമാക്കി. ചൈനയിലെ ഷാങ്ഹായിൽ വെച്ച് നടത്തപ്പെടുന്ന ലോക നൈപുണ്യമേളയുടെ മുന്നോടിയായി ഇന്ത്യാ സ്കിൽസ് കേരള 2020 എന്ന മത്സരം, 2020 ഫെബ്രുവരി മാസം കോഴിക്കോട് വെച്ച് സംഘടിപ്പിക്കുകയുണ്ടായി. 42 ട്രേഡുകളിലായി സംഘടിപ്പിച്ച ഇതിന്റെ ഫൈനൽ മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി വിജയിച്ച മത്സരാർത്ഥികൾ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഇന്ത്യാസ്കിൽസ് നാഷണൽ മത്സരങ്ങളിൽ പങ്കെടുക്കുന്നതാണ്. ടി മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി വിജയിക്കുന്നവരിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് രാജ്യത്തെ പ്രതിനിധീകരിച്ച് ചൈനയിലെ ഷാങ്ഹായിൽ വെച്ച് നടത്തപ്പെടുന്ന ലോക നൈപുണ്യമേളയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

<u>10 ഗവൺമെന്റ് ഐ.റ്റി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയുടെ പുരോഗതി</u>

ടി പദ്ധതിയിൽ ഉൾപ്പെട്ട 8 ഐ ടി ഐ കളിൽ നിർമാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

പുരോഗതിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ഗവ ഐ ടി ഐ ധനുവച്ചപുരം, തിരുവനന്തപുരം</u>

14.11.2019 ന് മുൻ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ ടി പി രാമകൃഷ്ണൻ പദ്ധതിയുടെ നിർമ്മാണപ്രവർത്തികൾ ഉദ്ഘാടനം ചെയ്തു. 25.11.2019 ന് M/s Heather Constructions നുമായി കരാർ ഒപ്പ് വെച്ച് നിർമ്മാണം തുടങ്ങി. അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നിലവിൽ 94% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്.

**2.** <u>ഗവ ഐ ടി ഐ മലമ്പുഴ, പാലക്കാട്</u>

19.08.2020 ന് മുൻ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ ടി പി രാമകൃഷ്ണൻ ഓൺലൈൻ വീഡിയോ കോൺഫറൻസ് മുഖേന പദ്ധതിയുടെ നിർമ്മാണപ്രവർത്തികൾ ഉദ്ഘാടനം ചെയ്തു.

05.03.2020 ന് M/s Perfect Engineers യുമായി കരാർ ഒപ്പ് വെച്ചു. നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.നിലവിൽ 77% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്.

**3.** <u>ഗവ ഐ ടി ഐ കൊയിലാണ്ടി, കോഴിക്കോട്</u>

30.08.2020 ന് മുൻ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ ടി പി രാമകൃഷ്ണന് ഐ ടി ഐ ക്യാമ്പസിൽ വെച്ച് പദ്ധതിയുടെ നിർമ്മാണപ്രവർത്തികൾ ഉദ്ഘാടനം ചെയ്തു.

14.08.2020 ന് M/s ULCCS യുമായി കരാർ ഒപ്പ് വെച്ചു. സിവിൽ നിർമ്മാണ പ്രവർത്തികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. നിലവിൽ 85% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്.

**4.** <u>ഗവ ഐ ടി ഐ കണ്ണൂർ .</u>

15.09.2020 ന് മുൻ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ ടി പി രാമകൃഷ്ണൻ ഓൺലൈൻ വീഡിയോ കോൺഫറൻസ് മുഖേന പദ്ധതിയുടെ നിർമ്മാണപ്രവർത്തികൾ ഉദ്ഘാടനം ചെയ്തു.

26.08.2020 ന് Shri Shameer M.A യുമായി കരാർ ഒപ്പ് വെച്ചു. നിലവിൽ 53% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്. മെയിൻ ബിൽഡിംഗ് സിവിൽ നിർമ്മാണ പ്രവർത്തികൾ

ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

5. ഗവ ഐ ടി ഐ, ഏറ്റുമാനൂർ , കോട്ടയം

16.09.2020 ന് മുൻ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ശ്രീ ടി പി രാമകൃഷ്ണൻ ഓൺലൈൻ വീഡിയോ കോൺഫറൻസ് മുഖേന പദ്ധതിയുടെ നിർമ്മാണപ്രവർത്തികൾ ഉദ്ഘാടനം ചെയ്തു.

30.07.2020 ന് M/s Swathy Constructions യുമായി കരാർ ഒപ്പ് വെച്ചു. അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നിലവിൽ 94% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്.

6. ഗവ ഐ ടി ഐ, ചെങ്ങന്നൂർ , ആലപ്പുഴ

15.10.2020 ന് M/s Creators Constructions യുമായി കരാർ ഒപ്പ് വെച്ചു. സൈറ്റിലെ മരങ്ങൾ മുറിച്ചു മാറ്റിയ ശേഷം 31.10.2021 ന് സൈറ്റ് കൈമാറി. മെയിൻ ബിൽഡിങ്ങിന്റെയും ഹോസ്റ്റൽ ബ്ലോക്കിന്റെയും താഴത്തെ നിലയുടെ സ്ലാബ് level വരെയുള്ള പ്രവർത്തികൾ പൂർത്തിയായി. നിലവിൽ 22% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്.

7. ഗവ ഐ ടി ഐ കട്ടപ്പന, ഇടുക്കി

നിർമ്മാണ കരാർ 16.10.2020 ന് ഒപ്പ് വെച്ചു. പദ്ധതിയുടെ നിർമ്മാണോദ്ഘാടനം മുൻ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി 30.10.2020 ന് നിർവ്വഹിച്ചു . നിലവിൽ 59% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്. മെയിൻ ബിൽഡിംഗിന്റെ സിവിൽ നിർമ്മാണ പ്രവർത്തികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

8. ഗവ ഐ ടി ഐ ചന്ദനത്തോപ്പ്, കൊല്ലം

M/s Asian Constructions മായി കരാർ 16.12.2020 ന് ഒപ്പ് വെച്ചു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തികളുടെ ഉദ്ഘാടനം മുൻ ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി. ജെ മേഴ്സികുട്ടിഅമ്മ 16.02.2021 ന് നിർവഹിച്ചു . നിലവിൽ 68% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്. മെയിൻ ബിൽഡിംഗിന്റെ സിവിൽ നിർമ്മാണ പ്രവർത്തികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

കയ്യൂരിലെയും ചാലക്കുടിയിലെയും ഐ.ടി.ഐ. കളിൽ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥിതി താഴെപ്പറയുന്നു.

1. ഗവ ഐ ടി ഐ ചാലക്കുടി, തൃശ്ശൂർ

പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 28.10.2020 ന് M/s SITCO Associates യുമായി കരാർ ഒപ്പ വെക്കുകയും, 30.10.2020 ന് മുൻ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി നിർമ്മാണ പ്രവർത്തികൾ ഉദ്ഘാടനം ചെയ്തു. ഡിസൈൻ അപാകത മൂലം കോൺട്രാക്ട് എഗ്രിമെന്റ് (KASE-1019/2020- Exe-2 (20-21) dated 28-10-2020 )12-05-2021 ൽ ഫോർക്ലോസ് ചെയ്തു (Closure Agreement no: KASE-1019/2020-Exe-2 (20-21) dated 12-05-2021).
ബിൽഡിംഗ് റീഡിസൈൻ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്.

2. ഇ.കെ.നായനാർ മെമ്മോറിയൽ ഗവ ഐ ടി ഐ കയ്യൂർ , കാസർഗോഡ്

ടെൻഡർ നടപടികൾ അനേക പ്രാവശ്യം പൂർത്തീകരിച്ചിട്ടും കരാർ ഒപ്പുവെക്കാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ പ്രാബല്യത്തിലുള്ള 2018 DSoR നിരക്കുകൾക്കു അനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നേടി. KIIFB യുടെ അനുമതി കിട്ടുന്ന മുറയ്ക്ക്, പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ